"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - കണ്ണൂർ കോർപ്പറേഷനിലെ ഡിവിഷൻ 16-ൽ നടത്തിയ റോഡ് പ്രവൃത്തിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.പി.കെ.രഞ്ജിത്തിനെതിരെ സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1159/2025/LSGD തീയതി,തിരുവനന്തപുരം, 11-05-2025

---

പരാമർശം:-

1. 01.01.2024-ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ E17-(PE-3/2023KNR) 6430/2022/DVACB നമ്പർ കത്ത്.
2. 15.03.2024-ലെ വിജിലൻസ് (എഫ്) വകുപ്പിൽ നിന്നുള്ള വിജി-എഫ്2/9/2024-വിജി നമ്പർ കത്ത്.
3. 19.07.2024-ലെ EWA2/24/2024-LSGD നമ്പർ കുറ്റപത്രം, കുറ്റാരോപണ പത്രിക.
4. 22.07.2024 തീയതിയിലെ EWA2/24/2024-LSGD നമ്പർ സർക്കാർ കത്ത്.
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. രഞ്ജിത്ത് പി.കെ. സമർപ്പിച്ച പ്രതിവാദപത്രിക.
6. 03.03.2025-ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/26916/2024-VIGE3 നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ കണ്ണൂർ കോർപറേഷനിലെ ഡിവിഷൻ 16-ൽ നടത്തിയ റോഡ് പ്രവൃത്തിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സമർപ്പിച്ച പരാമർശം (1) പ്രാഥമിക അന്വേഷണ റിപ്പോർട്ട് വിജിലൻസ് വകുപ്പ് പരാമർശം (2) മുഖേന ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് കണ്ടെത്തിയ വസ്തുതകൾ ചുവടെ ചേർക്കുന്നു:-

1. കണ്ണൂർ കോർപറേഷനിലെ Division-16-ൽ വലിയന്നൂർ വില്ലേജ് ഓഫീസ് മുതൽ വലിയന്നൂർ നോർത്ത് യു.പി. സ്കൂൾ വരെയുള്ള റോഡ് റീ ടാറിംഗ് പ്രവൃത്തിയുടെ ചെക്ക് മെഷർ ചെയ്തത് കണ്ണൂർ കോർപറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീ. രഞ്ജിത്ത് പി.കെ. ആണെന്ന് എം. ബുക്ക് പരിശോധിച്ചതിൽ

നിന്നും വ്യക്തമായിട്ടുള്ളതാണ്. ടി ഉദ്യോഗസ്ഥൻ സ്ഥലത്ത് ചെന്ന് അളവുകൾ പരിശോധന നടത്തിയല്ല എം.ബുക്കിൽ സാക്ഷ്യപ്പെടുത്തിയത് എന്ന് മനസിലാകുന്നുണ്ട്. ടി പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കേണ്ട കണ്ണൂർ കോർപറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രഞ്ജിത്ത് പി.കെ. പ്രസ്തുത ഡ്യൂട്ടി നിർവ്വഹിച്ചില്ല. കൂടാതെ ടിയാൻ കോർപറേഷനിലെ താൽക്കാലിക ജീവനക്കാരനായ അസിസ്റ്റന്റ് എൻജിനീയർ ശ്രീ. അഖിൽ സി.കെ. മേൽനോട്ടം വഹിച്ച പ്രവൃത്തി യഥാസമയം സൈറ്റിൽ നേരിട്ട് ചെന്ന് സൂപ്പർവിഷൻ ചെയ്തിട്ടില്ല.

2. എസ്റ്റിമേറ്റ് ക്രമ നമ്പർ 1, 2 എന്നിവ എസ്റ്റിമേറ്റ് Qty-യെക്കാളും കൂടുതലായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആയതിന് Revised Estimate തയ്യാർ ചെയ്തതായി കാണുന്നില്ല; ആയതും ടി ഉദ്യോഗസ്ഥന്റെ അപാകതയാണെന്ന് കാണുന്നു.
3. എസ്റ്റിമേറ്റ് ക്രമനമ്പർ 9,10,14,17,18 എന്നിവ മെഷർമെന്റ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയതായി കാണുന്നില്ല; ആയതും അപാകതയാണ്.
4. കി.മി. 0/410-ൽ സംരക്ഷണ ഭിത്തി നിർമ്മിക്കുവാൻ എസ്റ്റിമേറ്റ് പ്രകാരം കാണുന്നുണ്ടെങ്കിലും പ്രസ്തുത സ്ഥലത്ത് റോഡ് പണി സമയത്ത് സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടില്ല. സ്ഥലമുടമ സ്ഥലം വിട്ട് നൽകാത്തതിനാലാണ് സംരക്ഷണ ഭിത്തി നിർമ്മിക്കുവാൻ സാധിച്ചിട്ടില്ലാത്തത് എന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. എന്നാൽ സ്ഥലമുടമയോട് ചോദിച്ചതിൽ തങ്ങൾ സ്ഥലം വിട്ടു കൊടുക്കുവാൻ തയ്യാറായിരുന്നു എന്നറിയിച്ചു. ഈ പ്രവൃത്തി വേറൊരു പ്രോജക്റ്റിൽ ഉൾപ്പെടുത്തി ചെയ്തതായി കാണുന്നു.

2. മേൽ അപാകതകൾക്ക് കണ്ണൂർ കോർപറേഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രഞ്ജിത്ത് പി.കെ. (PEN - 540709), അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അഖിൽ സി.കെ. (താൽക്കാലിക നിയമനം) എന്നിവർ ഉത്തരവാദികളാണെന്ന് വിജിലൻസ് കണ്ടെത്തുകയും ചുവടെ ചേർക്കുന്ന ശിപാർശകൾ നല്കുകയുമുണ്ടായി.

1. വലിയന്നൂർ വില്ലേജ് ഓഫീസ് - വലിയന്നൂർ നോർത്ത് യു.പി.സ്കൂൾ റോഡ് റീ ടാറിംഗ് പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ക്രമ നമ്പർ 1, 2 എന്നിവ എസ്റ്റിമേറ്റ് Quantity-യെക്കാളും കൂടുതലായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആയതിന് Revised Estimate തയ്യാർ ചെയ്തതായി കാണുന്നില്ല. കീഴുദ്യോഗസ്ഥൻ തയ്യാർ ചെയ്ത എം.ബുക്കിൽ യഥാസമയം മെഷർമെന്റ് രേഖപ്പെടുത്താത്തത് ചെക്ക് മെഷർ ചെയ്യുന്ന സമയത്ത് കണ്ണൂർ കോർപറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. രഞ്ജിത്ത് പി.കെ. യഥാവിധി പരിശോധന നടത്താതെ ഒപ്പുവച്ചു കൊടുത്തതാണെന്ന് കരുതേണ്ടിയിരിക്കുന്നു. ആയത് ടി ഉദ്യോഗസ്ഥന്റെ അപാകതയായതിനാൽ ടിയാനെതിരെ വകുപ്പുതല ശിക്ഷാനടപടി ശിപാർശ ചെയ്യുന്നു.
2. റോഡ് പ്രവൃത്തിയുടെ എം.ബുക്കിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്താത്ത ശ്രീ. അഖിൽ സി.കെ. അസിസ്റ്റന്റ് എഞ്ചിനീയർ, കണ്ണൂർ കോർപറേഷൻ എടക്കാട് സോണൽ ഓഫീസ് (മുൻ അസിസ്റ്റന്റ് എഞ്ചിനീയർ(താൽക്കാലികം), ചേലോറ സോണൽ ഓഫീസ്)-നെതിരെ ശിക്ഷാനടപടി ശിപാർശ ചെയ്യുന്നു.

3. വിജിലൻസ് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.രഞ്ജിത്ത് പി.കെ.-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം കുറ്റപത്രം / കുറ്റാരോപണ പത്രിക പരാമർശം (3) പ്രകാരം നൽകുകയുണ്ടായി. കൂടാതെ, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.അഖിൽ സി.കെ (താത്ക്കാലികം)-യ്ക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് പരാമർശം (4) പ്രകാരം നിർദ്ദേശം നല്കുകയുമുണ്ടായി.

4. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.രഞ്ജിത്ത് പി.കെ. പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ** മേൽപ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പൂർത്തീകരിച്ച ഭാഗങ്ങൾ യഥാസമയം എം.ബുക്കിൽ രേഖപ്പെടുത്തി എന്നും സ്ഥല പരിശോധന നടത്തി അളവുകൾ പരിശോധിച്ചതന്നെയാണ് ചെക്ക് മെഷർ ചെയ്തിട്ടുള്ളതെന്നും പ്രവൃത്തി നിർവ്വഹണത്തിന്റെ ഭാഗമായി സ്ഥിരമായി സ്ഥലം സന്ദർശിച്ചിരുന്നു എന്നും കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടായിരുന്നു എന്നും കോവിഡ് നിയന്ത്രണങ്ങൾ കാരണം ഒരു വർഷത്തോളം വൈകിയാണ് ഈ പ്രവൃത്തി തുടങ്ങിയത് എന്നതിനാൽ റോഡിന്റെ അവസ്ഥ എസ്റ്റിമേറ്റ് എടുക്കുന്ന സമയത്തുണ്ടായിരുന്നതിനേക്കാൾ പരിതാപകരമായിരുന്നു എന്നും അതിനാൽ റോഡ് പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കാൻ നിലവിലെ എസ്റ്റിമേറ്റിലെ ചില ഇനങ്ങൾ അധികമായി ചെയ്യേണ്ടതായി വന്നുവെന്നും എല്ലാ വ്യതിയാനങ്ങൾക്കും revised estimate തയ്യാറാക്കേണ്ടതില്ലെന്നും വ്യതിയാനം 25%-ൽ അധികരിക്കുന്ന വേളയിലോ എസ്റ്റിമേറ്റിൽ ഇല്ലാത്ത പുതിയ ഇനം ചെയ്യേണ്ടതുണ്ടെങ്കിലോ പുതുക്കിയ അനുമതി ആവശ്യമുണ്ടെങ്കിലോ ആണ് revised estimate തയ്യാറാക്കാറുള്ളതെന്നും ഈ പ്രവൃത്തിയിൽ മേല്പറഞ്ഞ കാര്യങ്ങൾ ഒന്നും തന്നെ വന്നിട്ടില്ലെന്നും ആയതിനാൽ revised estimate തയ്യാറാക്കേണ്ട ആവശ്യം വന്നിട്ടില്ലെന്നും പ്രവൃത്തിയുടെ വ്യതിയാനങ്ങൾ എല്ലാം തന്നെ comparative statement തയ്യാറാക്കി മേലുദ്യോഗസ്ഥന്റെ അംഗീകാരം വാങ്ങുകയാണ് സാധാരണയായി അനുവർത്തിക്കുന്ന രീതിയെന്നും സൂക്ഷ്മപരിശോധന നടത്തിയതിനു ശേഷമാണ് മേലുദ്യോഗസ്ഥൻ വ്യതിയാനങ്ങൾ അംഗീകരിക്കുക എന്നും ഇതിൽ ക്രമവിരുദ്ധമായി ഒന്നും തന്നെയില്ലെന്നും ആയതിനാൽ revised estimate തയാറാക്കിയിട്ടില്ല എന്നത് അപാകതയല്ലെന്നും മേൽപ്രവൃത്തിയുടെ ഭാഗമായി യാതൊരുവിധ അപാകതകളും സംഭവിച്ചിട്ടില്ലെന്നും മേൽപ്രവൃത്തിയുടെ തുക നാളിതുവരെയായി നൽകിയിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത് എന്നും കുറ്റാരോപണപത്രികയിൽ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് പരാമർശിച്ചിട്ടുള്ള പ്രവൃത്തികളായ കലുങ്കിന്റെ സ്ലാബ്, ഓവുചാലിന്റെ പാർശ്വഭിത്തി എന്നീ ഇനങ്ങൾ എല്ലാം തന്നെ Open measurements ആണെന്നും ആയത് സാധാരണ ഗതിയിൽ curing period കഴിഞ്ഞതിന് ശേഷമാണ് രേഖപ്പെടുത്താറുള്ളതെന്നും ആയതിനാൽ പിന്നീട് രേഖപ്പെടുത്തുന്നത് സാധാരണ Departmental പ്രവൃത്തികളിൽ അനുവർത്തിക്കുന്നതാണെന്നും ക്രമനമ്പർ 9,10,14,17,18 എന്നിവ പ്രസ്തുത സമയത്ത് സൈറ്റിൽ നടക്കാത്ത പ്രവൃത്തികളായതിനാലാണ് മേൽ ഇനങ്ങൾ എം.ബുക്കിൽ രേഖപ്പെടുത്താത്തതെന്നും ആയത് അപാകതയാണ് എന്ന വാദം ശരിയല്ലെന്നും കോൺക്രീറ്റ്, മൺപണി എന്നീ ഇനങ്ങൾ എസ്റ്റിമേറ്റിനെക്കാൾ കുറവ്

മാത്രമേ ചെയ്യേണ്ടതായി വന്നിട്ടുള്ളൂ എന്നും ഒരു കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മാണം മേൽപ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്നെങ്കിലും പ്രവൃത്തി നടക്കുന്ന വേളയിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി നടത്താൻ സാധിച്ചിട്ടില്ലെന്നും മേൽവിവരം പരിശോധന നടത്തിയ ഉദ്യോഗസ്ഥർക്കും ബോധ്യപ്പെട്ടതാണെന്നും ആയതിനാലാണ് കോൺക്രീറ്റ് ഇനങ്ങളിൽ കുറവ് വന്നതെന്നും നഗരസഭയിൽ ഈ പ്രവൃത്തി നടക്കുന്ന കാലയളവിൽ ഏകദേശം 300- ഓളം പദ്ധതികളുടെ സാങ്കേതികാനുമതി നൽകൽ, MP, MLA പ്രവൃത്തികൾ, AMRUT പദ്ധതി, സമയബന്ധിതമായി കെട്ടിടനിർമ്മാണാനുമതി നൽകൽ ഉൾപ്പെടെയുള്ള ചുമതലകൾ കൂടി ഉണ്ടായിരുന്നുവെന്നും ഇത്രയും പ്രവൃത്തികൾ സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തീകരിക്കുന്നതിന് പരമാവധി ശ്രമം നടത്തിയിട്ടുണ്ടെന്നും ആയത് പരിഗണിച്ച് കുറ്റപത്രത്തിലുള്ള ആരോപണങ്ങളിൽ നിന്നും മറ്റ് നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ബോധിപ്പിക്കുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ, ക്രമനം. 3,5,6,7,8 എന്നിവയുടെ വ്യതിയാനം 25%-ൽ കുറവായതിനാൽ Comparative statement തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അംഗീകാരം വാങ്ങിയതായി കാണാൻ കഴിഞ്ഞുവെന്നും 25%-ൽ നിജപ്പെടുത്തുന്ന വ്യതിയാനങ്ങൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യമില്ലെന്നും Comparative statement തയ്യാറാക്കി അംഗീകാരം വാങ്ങിയാൽ മതിയാകുന്നതാണെന്നും ക്രമനം. 3,5,6,7,8 എന്നിവയുടെ വ്യതിയാനം 25%-ൽ കുറവാണെന്ന് കുറ്റാരോപണ പത്രികയിൽ തന്നെ പറഞ്ഞിട്ടുള്ളതാണെന്നും ആ നിലയ്ക്ക് എസ്റ്റിമേറ്റ് Quantity-യിൽ കൂടുതലായി ചെയ്ത പ്രവൃത്തികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച് ശ്രീ. പി. കെ. രഞ്ജിത്ത് സമർപ്പിച്ച പ്രതിവാദം സ്വീകാര്യമാണെന്നും 251.20 മീറ്റർ ഓവുചാലിന്റെ സൈഡ് വാളും കൾവർട്ടും open measurement ആയതിനാൽ Curing period കഴിഞ്ഞതിന് ശേഷം മാത്രമാണ് സാധാരണനിലയ്ക്ക് എം.ബുക്കിൽ രേഖപ്പെടുത്താറുള്ളത് എന്ന ശ്രീ. പി. കെ. രഞ്ജിത്തിന്റെ പ്രതിവാദം നിലനിൽക്കുന്നതാണെന്നും മേൽ പറഞ്ഞ കോൺക്രീറ്റ് പ്രവർത്തികൾ Curing period കഴിഞ്ഞതിന് ശേഷം എം ബുക്കിൽ Page No. 50-ൽ 25.01.2022-ൽ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും ക്രമനം. 9,10,14,17,18 എന്നിവ സംബന്ധിച്ച പ്രവൃത്തികൾ സൈറ്റിൽ ചെയ്യാത്തത് കൊണ്ടാണ് ആ സമയത്ത് എം.ബുക്കിൽ രേഖപ്പെടുത്താതിരുന്നതെന്നും നിലവിൽ എം.ബുക്ക് പരിശോധിക്കുമ്പോൾ സൈറ്റിൽ ചെയ്തിട്ടുള്ള ക്രമ നം. 9,14,18 എന്നീ പ്രവൃത്തികൾ യഥാക്രമം 17.01.2022, 25.01.2022, 29.01.2022 തീയതികളിൽ രേഖപ്പെടുത്തിയതായി കാണുന്നതിൽ നിന്നും ടി പ്രവൃത്തികൾ സൈറ്റിൽ ചെയ്ത മുറയ്ക്ക് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ആയതിനാൽ എം. ബുക്കിൽ പ്രവൃത്തികൾ യഥാസമയം രേഖപ്പെടുത്തിയിട്ടില്ലെന്ന ആരോപണത്തിന് ശ്രീ. പി.കെ. രഞ്ജിത്ത് സമർപ്പിച്ച പ്രതിവാദം സ്വീകാര്യമാണെന്നും ക്രമനം. 10, 17 എന്നിവ സൈറ്റിൽ ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും Stepped Foundation RCC Retaining wall ആയി പ്രവൃത്തി ചെയ്യുമ്പോൾ വീടിനടുത്തുവരെ നിർമ്മാണം വരില്ല എന്നതിനാലാണ് രണ്ടാമത് പുതിയ പ്രൊജക്ട് വെച്ചപ്പോൾ സ്ഥലമുടമ സ്ഥലം വിട്ടുനൽകാൻ തയ്യാറായത് എന്ന് സ്ഥലപരിശോധനയിലും കണ്ടിട്ടുള്ളതാണെന്നും ആ നിലയ്ക്ക്

എസ്റ്റിമേറ്റിലുണ്ടായിരുന്ന Counter Fort Retaining wall നിർമ്മാണം ഉപേക്ഷിക്കേണ്ടിവന്നത് ന്യായമായ കാരണങ്ങളാലാണെന്ന് കരുതാവുന്നതാണെന്നും മേൽ വസ്തുതകൾ പരിശോധിച്ചാൽ കണ്ണൂർ കോർപ്പറേഷൻ ഡിവിഷൻ 16-ലെ റോഡ് പ്രവൃത്തി ചെയ്തതിൽ സൂപ്പർവൈസറി ഉദ്യോഗസ്ഥൻ എന്ന നിലയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി.കെ. രഞ്ജിത്തിന്റെ ഭാഗത്തുനിന്നും ബോധപൂർവ്വമായ വീഴ്ചകൾ സംഭവിച്ചതായി കാണാൻ കഴിഞ്ഞിട്ടില്ലെന്നും കൂടാതെ, വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതനായ അസിസ്റ്റന്റ് എഞ്ചിനീയർ (താൽക്കാലികം) ശ്രീ. അഖിൽ സി.കെ.-യെ 09.09.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ കോർപറേഷനിലെ സേവനത്തിൽ നിന്നും ടെർമിനേറ്റ് ചെയ്തിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു.

6. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി.കെ. രഞ്ജിത്തിന്റെ പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 25%-ൽ നിജപ്പെടുത്തുന്ന വ്യതിയാനങ്ങൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യമില്ലെന്നും Comparative statement തയ്യാറാക്കി അംഗീകാരം വാങ്ങിയാൽ മതിയാകുന്നതാണെന്നും അപ്രകാരം ചെയ്തിട്ടുണ്ടെന്നും 251.20 മീറ്റർ ഓവുചാലിന്റെ സൈഡ് വാളും കൾവർട്ടും open measurement ആയതിനാൽ Curing period കഴിഞ്ഞതിന് ശേഷം രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും പ്രവൃത്തികൾ സൈറ്റിൽ ചെയ്ത മുറയ്ക്ക് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും Stepped Foundation RCC Retaining wall ആയി പ്രവൃത്തി ചെയ്യുമ്പോൾ വീടിനടുത്തുവരെ നിർമ്മാണം വരില്ല എന്നതിനാലാണ് രണ്ടാമത് പുതിയ പ്രൊജക്ട് വെച്ചപ്പോൾ സ്ഥലമുടമ സ്ഥലം വിട്ടുനൽകാൻ തയ്യാറായത് എന്നും ആ നിലയ്ക്ക് എസ്റ്റിമേറ്റിലുണ്ടായിരുന്ന Counter Fort Retaining wall നിർമ്മാണം ഉപേക്ഷിക്കേണ്ടിവന്നത് ന്യായമായ കാരണങ്ങളാലാണെന്നും കണ്ണൂർ കോർപ്പറേഷൻ ഡിവിഷൻ 16-ലെ റോഡ് പ്രവൃത്തി ചെയ്തതിൽ സൂപ്പർവൈസറി ഉദ്യോഗസ്ഥൻ എന്ന നിലയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി.കെ. രഞ്ജിത്തിന്റെ ഭാഗത്തുനിന്നും ബോധപൂർവ്വമായ വീഴ്ചകൾ സംഭവിച്ചിട്ടില്ലെന്നും ബോധ്യപ്പെടുന്നു. പ്രസ്തുത സാഹചര്യത്തിൽ, കണ്ണൂർ കോർപ്പറേഷനിലെ ഡിവിഷൻ 16-ൽ നടത്തിയ റോഡ് പ്രവൃത്തിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ കുറ്റാരോപിതനായിയിട്ടുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രഞ്ജിത്ത് പി.കെ. (PEN - 540709)-ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്ക നടപടി, ടിയാൾ തുടർ സേവനകാലയളവിൽ കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതാണ് എന്ന് അതേ ചട്ടങ്ങളിലെ **ചട്ടം 11 (1) (i) പ്രകാരം താക്കീത് (Censure) നൽകി തീർപ്പാക്കി** ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീ. രഞ്ജിത് പി.കെ (PEN-540709), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ. **(ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)** .
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
4. വിജിലൻസ് (എഫ്) വകുപ്പ്. (VIG-F2/9/2024-VIG തീയതി 28.03.2025 പ്രകാരം)
5. തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്.
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ (EWA2/24/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 12-05-2025 11:12:21
സെക്ഷൻ ഓഫീസർ